പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :651 29.10. 2019 ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യത

ചോദ്യം

ശ്രീ.എൻ.വിജയൻ പിള്ള

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

(എ)2011 ജൂൺ, 2016 മേയ് എന്നീ മാസങ്ങളിൽ വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യത എത്ര രൂപ വീതമായിരുന്നുവെന്നും 2019 ഒക്ടോബർ മാസം അതെത്രയായെന്നും വെളിപ്പെടുത്താമോ;

(എ) കെ.എസ്.ഇ.ബി. സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ സൂക്ഷിക്കുന്നത്. 2011 മാർച്ചിലെ കടബാദ്ധ്യത 1384 കോടി രൂപയാണ്. 2016 മാർച്ചിലെ കടബാദ്ധ്യത 5925 കോടി രൂപയാണ്. ഈ തുക ഹ്രസ്വകാല വായ്പയും, ഓവർ ഡ്രാഫ്റ്റും, ദീർഘകാല വായ്പയും ചേർത്തുള്ളതാണ്. 2019 മാർച്ച് വരെയുള്ള കണക്കുകൾ പ്രകാരം ബോർഡിന്റെ കടബാദ്ധ്യത 7889 കോടി രൂപയാണ്.

(ബി)2011 ജൂൺ മുതൽ 2016 മേയ് വരെ വൈദ്യുതി ചാർജ്ജ് എത്ര ശതമാനം വർദ്ധിപ്പിച്ചുവെന്ന് അറിയിക്കാമോ;

(ബി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിന്റെ (ശതമാനത്തിൽ) വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വർഷം | വർദ്ധനവ് പ്രാബല്യത്തിൽ വന്ന തീയതി | വർദ്ധനവ് (ശതമാനത്തിൽ) (ശരാശരി) |
|---|---|---|
| 2012-13 | 01/07/12 | 29.5 |
| 2013-14 | 01/05/13 | 8.3 |
| 2014-15 | 16/08/14 | 11.4 |
| 2015-16 | വർദ്ധനവില്ല | |

(സി)2016 ജൂൺ മുതൽ 2019 ഒക്ടോബർ വരെ വൈദ്യുതി ചാർജ്ജ് എത്ര ശതമാനമാണ് വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ?

(സി)2016 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വർഷം | വർദ്ധനവ് പ്രാബല്യത്തിൽ വന്ന തീയതി | വർദ്ധനവ് (ശതമാനത്തിൽ) (ശരാശരി) |
|---|---|---|
| 2017-18 | 18/04/17 | 5 |
| 2019-20 | 08/08/19 | 6.8 |

സെക്ഷൻ ഓഫീസർ